REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ വിജയത്തിന് പിന്നിൽ പിഴവറ്റ തദ്ദേശീയ സാങ്കേതിക വിദ്യയും രാജ്യരക്ഷാ സാമഗ്രി നിർമ്മാണത്തിലെ Make in India സംരംഭവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രധാൻമന്ത്രി ഫസൽ ബീമ യോജനയ്ക്ക് കീഴിൽ 3200 കോടിയിൽപരം രൂപയുടെ വിള ഇൻഷുറൻസ് തുക കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ ഇന്ന് വിതരണം ചെയ്യും.**
- **മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ രാവിലെ 'സുസ്ഥിര വികസനത്തിന് സമുചിത വിള നിർണയം' സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പേര് ചേർക്കാൻ നാളെ വരെ അവസരം.**
- **ഏഷ്യൻ അണ്ടർ 19 ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണമുൾപ്പെടെ ഇന്ത്യയ്ക്ക് 14 മെഡൽ**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിന് പിന്നിൽ പിഴവറ്റ തദ്ദേശീയ സാങ്കേതിക വിദ്യയും രാജ്യരക്ഷാ സാമഗ്രി നിർമ്മാണത്തിലെ Make in India സംരംഭവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിലയിരുത്തി. രാജ്യത്തിന്റെ സായുധ സേന അതിർത്തിക്കപ്പുറത്തെ ഭീകരത്താവളങ്ങൾ നശിപ്പിക്കുകയും മണിക്കൂറുകൾകൊണ്ട് പാകിസ്ഥാനെ പിൻവാങ്ങാൻ നിർബന്ധിതമാക്കുകയും

ചെയ്തു. ഇതോടെ, പുതിയ ഇന്ത്യയുടെ പുതിയ മുഖത്തിന് ലോകം മുഴുവൻ സാക്ഷികളായതായും അദ്ദേഹം ബംഗലൂരുവിൽ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്...........

സാങ്കേതിക രംഗത്ത് കൂടുതൽ സ്വയംപര്യാപ്ത കൈവരിക്കാനും പിഴവറ്റതും പ്രത്യാഘാതങ്ങൾ ഇല്ലാത്തതുമായ നിർമ്മാണ നിലവാരം കൈവരിക്കാനും പ്രധാനമന്ത്രി സാങ്കേതിക മേഖലയ്ക്ക് ആഹ്വാനം നൽകി.

രാജ്യത്തെ ആഗോള IT ഭൂപടത്തിൽ രേഖപ്പെടുത്തിയ ബംഗലൂരു, വികസിത ഭാരത കാഴ്ചപ്പാടിനെ പുതിയ സാങ്കേതിക-നിർമ്മാണ വൈദഗ്ദ്ധ്യവുമായി നയിക്കുമെന്ന് പ്രധാനമന്ത്രി വിലയിരുത്തി. ബംഗലൂരു പുതിയ ഇന്ത്യയുടെ ഉദയത്തിന്റെ പ്രതീകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ബംഗലൂരുവിൽ ഇന്നലെ നമ്മ മെട്രോയുടെ യെല്ലോ ലൈനും, മെട്രോ മൂന്നാം ഘട്ടവും ഉൾപ്പെടെ നിരവധി വികസന പദ്ധതികൾക്ക് തുടക്കമിട്ട് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

പാർലമെന്റ് അംഗങ്ങൾക്ക് വേണ്ടി നിർമ്മിച്ച 184, ടൈപ്പ് -7 ബഹുനില ഫ്ലാറ്റ് സമുച്ചയം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. സമുച്ചയത്തിന്റെ വളപ്പിൽ സിന്ദൂര വൃക്ഷത്തിന്റെ തൈ നടുന്ന അദ്ദേഹം ഫ്ലാറ്റ് നിർമ്മാണ തൊഴിലാളികളുമായി സംവദിക്കും. തുടർന്ന് ചടങ്ങിനെത്തയവരെ അദ്ദേഹം അഭിസംബോധന ചെയ്യും. Mp മാർക്ക് താമസിക്കുന്നതിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ എല്ലാ ആധുനിക സജ്ജീകരണങ്ങളും 5000 സ്ക്വയർഫീറ്റ് ഫ്ലാറ്റിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

തദ്ദേശീയ കരുത്തിൽ ശത്രുക്കളെ പരാജയപ്പെടുത്താൻ രാജ്യത്തിന് കഴിയുമെന്നതിന് തെളിവാണ് ഓപ്പറേഷൻ സിന്ദൂറെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. മധ്യപ്രദേശിലെ ഉമരിയയിൽ BEML റെയിൽ ഹബ് ഫോർ മാനുഫാക്ചറിങ്ങിന് തറക്കല്ലിടുകയായിരുന്നു രാജ്നാഥ് സിംഗ്.

പഹൽഗാമിൽ നിരപരാധികൾക്ക് നേരെയുണ്ടായ ഹീനവും ഭീരുത്വപരവുമായ ഭീകരാക്രമണത്തിന് ഉചിതമായ മറുപടിയായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

പ്രധാൻമന്ത്രി ഫസൽ ബീമ യോജനയ്ക്ക് കീഴിൽ 3200 കോടിയിൽപരം രൂപയുടെ വിള ഇൻഷുറൻസ് തുക കേന്ദ്ര കൃഷിമന്ത്രി  ശിവരാജ് സിങ് ചൗഹാൻ ഇന്ന് വിതരണം ചെയ്യും. 30 ലക്ഷത്തിലേറെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇൻഷ്വൂറൻസ് തുക നേരിട്ടെത്തും.

രാജസ്ഥാനിലെ ജുൻജുനുവിലാണ് വിതരണ ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കർഷർ നേരിട്ട് പരിപാടിയിൽ പങ്കെടുക്കും. ലക്ഷക്കണക്കിന് കർഷകർ വെർച്ച്വലായും പരിപാടിയിൽ സംബന്ധിക്കും.

✪✪✪

ഉത്തരാഖണ്ഡിൽ മേഘവിസ്ഫോടനമുണ്ടായ  ഉത്തരകാശി ജില്ലയിലെ ധരാലി പ്രദേശത്ത് കാണാതായവർക്കായി തിരച്ചിൽ ഇന്നലെ ആറാം ദിവസവും തുടർന്നു. റഡാർ സഹായത്തോടെയാണ്  തെരച്ചിൽ നടത്തുന്നത്.

ദുരിതബാധിത കുടുംബങ്ങൾക്ക് സംസ്ഥാന ഗവണ്മെന്റ് 5 ലക്ഷം രൂപ അടിയന്തര സഹായവും അടുത്ത 6 മാസത്തേക്ക് സൗജന്യ റേഷനും പ്രഖ്യാപിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ രാവിലെ  'സുസ്ഥിര വികസനത്തിന് സമുചിത വില നിർണയം' സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്യും.  ലാൻഡ് റിസോഴ്സ്സ് ഇൻഫോർമേഷൻ സിസ്റ്റം വെബ്സൈറ്റും അദ്ദേഹം പ്രകാശനം ചെയ്യും. സംസ്ഥാനത്തെ പത്തു പഞ്ചായത്തുകളിലാണ് ഭൂവിനിയോഗ വകുപ്പ് സമുചിത വില നിർണയ  പദ്ധതി നടപ്പാക്കുന്നത്.

നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് ഹാളിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്.  തുടർന്ന് കണ്ണൂർ ജില്ലാ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം അദ്ദേഹം നാടിന് സമർപ്പിക്കും.   വൈകിട്ട് വേങ്ങാട് ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച 50 വീടുകളുടെ താക്കോൽ അദ്ദേഹം കൈമാറും.

✪✪✪

മുഖ്യമന്ത്രി നാളെ രാവിലെ ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം റെഗുലേറ്റർ കം ബ്രിഡ്ജ് ഉദ്ഘാടനം ചെയ്യും. തുടർന്ന് കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജും അദ്ദേഹം  ഉദ്ഘാടനം ചെയ്യും. വൈകിട്ട് കണ്ണൂർ പൊലീസ് പരേഡ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കിന്റെയും ഒമ്പത് പൊലീസ് സ്റ്റേഷനുകളുടെയും ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

തിരുവനന്തപുരത്ത് നിന്ന് ഡൽഹിയിലേക്ക് പോവുകയായിരുന്ന എയർ ഇന്ത്യ വിമാനം സാങ്കേതിക പ്രശ്നത്തെ തുടർന്ന് ചെന്നൈ വിമാനത്താവളത്തിലിറക്കി. രാത്രി 7.50ന് തിരുവനന്തപുത്ത് നിന്ന് പുറപ്പെട്ട വിമാനമാണ് റഡാറുമായി ബന്ധപ്പെട്ട തകരാറിനെ തുടർന്ന് അടിയന്തര ലാന്റിംഗ് നടത്തിയത്. KC വേണുഗോപാൽ, K രാധാകൃഷ്ണൻ, കൊടിക്കുന്നിൽ സുരേഷ്, അടൂർ പ്രകാശ്, റോബർട്ട് ബ്രൂസ് എന്നീ MP മാർ വിമാനത്തിലുണ്ടായിരുന്നു. ഒരു മണിക്കൂറോളം ചെന്നൈയ്ക്ക് മുകളിൽ പറത്തിയ ശേഷമാണ് വിമാനം അടിയന്തര ലാന്റിംഗ് നടത്തിയത്.

യാത്രക്കാരെ മറ്റ് വിമാനങ്ങളിൽ ഡൽഹിയിൽ എത്തിച്ചതായി എയർ ഇന്ത്യ കേന്ദ്രങ്ങൾ അറിയിച്ചു. സംഭവം അന്വേഷിക്കണമെന്ന് MP മാർ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും നാളെ വരെയാണ് സമയം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30ന് പ്രസിദ്ധീകരിക്കും.

✪✪✪

കൊച്ചിയിലെ കനാലുകൾ നവീകരിച്ച് നഗരത്തിന്റെ മുഖഛായ മാറ്റാനും നഗര ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനും ബോധവൽക്കരണ പരിപാടിയും വർക്ക്ഷോപ്പും വൈകിട്ട് എറണാകുളം ടൗൺഹാളിൽ സംഘടിപ്പിക്കും. മന്ത്രി P രാജീവിന്റെ അധ്യക്ഷതയിലാണ് പരിപാടി.

✪✪✪

മന്ത്രി VN വാസവൻ ഇന്ന് കാസർകോട് ജില്ലയിലെ പൊതു പരിപാടികളിൽ പങ്കെടുക്കും. രാവിലെ കാസർകോട് വ്യാപാര ഭവനിലെ സഹകരണ വികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് സഹായ വിതരണം മന്ത്രി ഉദ്ഘാടനം ചെയ്യും. ഉച്ച കഴിഞ്ഞ് ഓണം ഖാദി മേളയും, ഉദുമ വനിതാ സഹകരണ സംഘം കെട്ടിടവും മന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഏഷ്യൻ അണ്ടർ 19 ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ മൂന്ന് സ്വർണ്ണമുൾപ്പെടെ ഇന്ത്യ 14 മെഡൽ സ്വന്തമാക്കി.

വനിതകളുടെ 54 കിലോ വിഭാഗത്തിൽ നിഷ, 57 കിലോയിൽ മുസ്കാൻ, പുരുഷ വിഭാഗത്തിൽ രാഹുൽ കുണ്ടുഎന്നിവർക്കാണ്സ്വർണ്ണം.

✪✪✪

പുതിയ തലമുറയിലെ കുട്ടികളെ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരാക്കി മാറ്റുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ടൂറിസം വകുപ്പും കോഴിക്കോട് DTPCയും ഫറോക്ക് ചുങ്കം ബഷീർ പാർക്കിൽ സംഘടിപ്പിച്ച ഡെസ്റ്റിനേഷൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ടൂറിസം ക്ലബ് കോഴിക്കോട് ജില്ലയിൽ നടത്താനിരിക്കുന്ന പ്രവർത്തനങ്ങളുടെ 'മിഷൻ 2025' കലണ്ടറും മന്ത്രി പ്രകാശനം ചെയ്തു.

✪✪✪

മലപ്പുറം ജില്ലാ ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഐഡിയൽ കടകശേരി 741 പോയിന്റോടെ ഓവറോൾ കിരീടം നിലനിർത്തി. 406 പോയിന്റുമായി പുത്തനത്താണി റിയൽ റണ്ണേഴ്സാണ് രണ്ടാമത്.

✪✪✪

കണ്ണൂർ  ആറളം ഫാമിലും പുനരധിവാസമേഖലയിലും എത്തിയ കാട്ടാനകളെ വനത്തിലേക്ക് തുരത്താൻ ഓപറേഷൻ ഗജമുക്തി പദ്ധതിക്ക്  ഇന്ന് തുടക്കമാവും.

 കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരന്റെ റിപ്പോർട്ട്....

..........വോയ്സ്........

ആനകളെ സുരക്ഷിതമായി വന്യജീവി സങ്കേതത്തിലേക്ക് തിരിച്ച യക്കുന്നതിന് വിവിധ വകുപ്പുകളുടേയും പ്രദേശിക സമൂഹത്തി ന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ ഗജമുക്തി. ആറളം ഫാമിലെ ആനകളെയായിരിക്കും ആദ്യം തുരത്തുക. ഡ്രോണും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ച് കൂട്ടമായും ഒറ്റയ്ക്കുമു ള്ള ആനകളുടെ സ്ഥാനം നിർണയിച്ചാണ് തുരത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

28 വനംവകുപ്പ് ജീവനക്കാരും ഒൻപത് സപ്പോർട്ടിങ് സ്റ്റാഫും അടങ്ങുന്ന ടീം ആയിരിക്കും ഓപ്പറേഷന് നേതൃത്വം നൽകുക. കാക്കുവ, താളിപ്പാറ, ഓടൻതോട്, വളയംചാൽ, പൂക്കുണ്ട്, എന്നീവിടങ്ങളിൽ ജനങ്ങൾ ജാഗ്രത പാലിക്കാൻ ഇന്നലെ രാവിലെ മുതൽ  ആറളം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉച്ചഭാഷിണിയിലൂടെ അറിയിപ്പ് നൽകുന്നുണ്ട്. വ്യാഴാഴ്ച വരെ തുത്തൽ നടപടി തുടരും.

✪✪✪

ലഹരിയെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ കോഴിക്കോട് കടലുണ്ടി പഞ്ചായത്തിൽ നടപ്പാക്കുന്ന ചെസ് ഗ്രാമം പദ്ധതിക്ക് തുടക്കമായി. മന്ത്രി PA മുഹമ്മദ് റിയാസും മാധ്യമപ്രവർത്തകൻ ഡോ. അരുൺകുമാറും ചെസ് ബോർഡിൽ കരുക്കൾ നീക്കിയാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. ചാലിയം ടൂറിസ്റ്റ് ബീച്ചിലെ ചടങ്ങിൽ 50 ടീമുകൾ പങ്കെടുത്ത മഹാ ചെസ് ടൂർണമെന്റും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

✪✪✪

ആദ്യകാല സോഷ്യലിസ്റ്റും കോൺഗ്രസ് നേതാവും സഹകാരിയും എഴുത്തുകാരനുമായിരുന്ന BK തിരുവോത്ത് വടകരയിൽ നിര്യാതനായി. അദ്ദേഹത്തിന് 92 വയസ്സായിരുന്നു.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് അസോസിയേഷൻ സ്ഥാപക സെക്രട്ടറിയും, കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് സ്ഥാപക പ്രസിഡന്റുമായിരുന്നു. പ്രൈമറി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷനേഴ്സ് അസോസിയേഷന്റെ പ്രസിഡന്റായി പ്രവർത്തിച്ചുവരികയായിരുന്നു.

സാഹിത്യരംഗത്തെ സംഭാവനകൾ മുൻനിർത്തി 2015-ലെ സദ്ഭാവന സാഹിത്യ പുരസ്ക്കാരവും 2014-ലെ അർപ്പണവിജ്ഞാന വേദി അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സംസ്കാരം രാവിലെ വീട്ടുവളപ്പിൽ നടത്തും.

തിരുവോത്തിന്റെ നിര്യാണത്തിൽ മുൻ KPCC പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ അനുശോചനം അറിയിച്ചു.

✪✪✪

തൃശ്ശൂരിൽ 16 കോടി 63 ലക്ഷം രൂപ ചിലവിൽ മാപ്രാണം-നന്തിക്കര റോഡ് പുനരുദ്ധാരണം പൂർത്തിയാക്കി. മാപ്രാണം സെന്ററിൽ വൈകിട്ട് മന്ത്രി ഡോ.R ബിന്ദു റോഡ് ഉദ്ഘാടനം ചെയ്യും.

✪✪✪

ലോകസിനിമാക്കാഴ്ചയുടെ നാല് ദിനരാത്രങ്ങൾ കോഴിക്കോടിന് സമ്മാനിച്ച് മേഖല രാജ്യാന്തര ചലച്ചിത്രോത്സവത്തിന് ഇന്ന് കൊടിയിറങ്ങും. വൈകീട്ട് കൈരളി തിയേറ്ററിൽ സമാപന സമ്മേളനം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. മന്ത്രി AK ശശീന്ദ്രൻ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

✪✪✪

തിരുവനന്തപുരം ഈഞ്ചക്കൽ ഭാഗത്ത് മേൽപ്പാല നിർമ്മാണത്തിന്റെ ഭാഗമായി ഇന്ന് മുതൽ ഈ മാസം 17 വരെ രാത്രി ഗതാഗത ക്രമീകരണം ഏർപ്പെടുത്തും. രാത്രി 11 മുതൽ പുലർച്ചെ അഞ്ച് വരെയായിരിക്കും ഗതാഗത നിയന്ത്രണം. വാഹനങ്ങൾ മറ്റ് വഴികളിലൂടെ തിരിച്ചുവിടുമെന്ന് സിറ്റി പൊലീസ് അറിയിച്ചു.

✪✪✪

കോഴിക്കോട് നഗരത്തിൽ 16 ഗ്രാമിലേറെ MDMA യുമായി ഒരാളെ ഡാൻസാഫും പന്തീരാങ്കാവ് പൊലീസും ചേർന്ന് പിടികൂടി. പെരുമണ്ണ സ്വദേശി CK ഉമ്മർ ഫാറൂഖാണ് പിടിയിലായത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRT: നിമിഷ ജി*
*DEO : സി കെ സുബോധ്*